**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4364** **06-03-2023 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് വ്യവസായ വകുപ്പിന് കീഴിൽ സ്ഥലം അനുവദിക്കാൻ ആവശ്യമായ സ്ഥല ലഭ്യത നിലവിൽ ഉണ്ടോ; | (എ) | കിൻഫ്രയുടെ പെട്രോ കെമിക്കൽ പാർക്കിൽ സ്ഥലം അനുവദിച്ചു വരുന്നു. മറ്റു വ്യവസായ പാർക്കുകളിൽ നിലവിൽ സ്ഥലം ലഭ്യമല്ല. |
| (ബി) | വ്യവസായ നിക്ഷേപക സൗഹൃദത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; | (ബി) | കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 പാസാക്കിയിട്ടുണ്ട്. കേരളാ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലും നിന്നും ഒഴിവാക്കുന്നതിനായി 2019-ലെ *കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്* നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022 ലെ 19-ാം നമ്പർ ആക്ട് പ്രകാരം 1999 ലെ കേരള ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, 1999 (2000 ലെ നിയമം 5) ന്റെ ഭേദഗതിപ്രകാരം ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ദരുടെ പാനൽ സജ്ജമാക്കി, എം. എസ്. എം. ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ വ്യവസായ വകുപ്പിനു കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളുമായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് |

പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 14 ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയം ഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് രൂപം കൊടുത്തിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ ലൈസൻസുകൾ, മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്തലായിരിക്കും നടക്കുക. ഒരു തദ്ദേശ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യവും നൽകിയിട്ടുണ്ട്.

കൂടാതെ പുതുതായി സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി

2. നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്

4. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

5. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

6. നിലവിലുള്ള എം.എസ്.എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം

സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം

7. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

9. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര വ്യവസായ സൗഹൃദത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി -

a) വ്യാവസായിക ഉല്പാദന ക്ലസ്റ്റർ - പാലക്കാട് നോഡ്

b) ഗിഫ്റ്റ് സിറ്റി - അയ്യമ്പുഴ, എറണാകുളം

2. പെട്രോകെമിക്കൽ പാർക്ക് - അമ്പലമുഗൾ, കൊച്ചി.

3. സ്പൈസസ് പാർക്ക് - തൊട്ടുപുഴ

4. വ്യവസായ പാർക്ക് - മട്ടന്നൂർ

5. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം - രാമനാട്ടുകര

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC), കണ്ണൂരും കോഴിക്കോട്ടും ചേർത്തലയിലും വ്യവസായ വളർച്ച കേന്ദ്രങ്ങൾ, തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്ക്, ചേർത്തലയിലെ വ്യവസായ വളർച്ച കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്ക്, പാലക്കാട് കെ.എസ്.ഐ.ഡി.സി ഇൻവെസ്റ്റ്മെന്റ് സോൺ തുടങ്ങിയവയാണ് സജ്ജമാക്കിയിട്ടുള്ളത്.

പുതുതായി ആരംഭിക്കുന്ന വ്യവസായ പാർക്കുകളാണ് കാസർഗോഡ് Industrial Space, അങ്കമാലിയിൽ Business Park, കുറ്റിയാടിയിൽ Industrial Park തുടങ്ങിയവ.

ടി വ്യവസായ വളർച്ച കേന്ദ്രങ്ങളിലും വ്യവസായ പാർക്കുകളിലും വ്യവസായ സംരംഭകർക്കായി അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളായ ആന്തരിക റോഡുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, വൈദ്യുതി വിതരണം,

| | | | |
|---|---|---|---|
| | | | ജലവിതരണം, ചുറ്റുമതിലുകൾ, മഴവെള്ള നിർമാർജന ഓടകൾ, മലിനജല സംസ്കരണ ശാലകൾ, ഗേറ്റുകൾ, സെക്യൂരിറ്റി ക്യാബിനുകൾ, ഭരണനിർവഹണ കെട്ടിടങ്ങൾ, ക്രെഷ് കെട്ടിടങ്ങൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ, കോമൺ ഫെസിലിറ്റി സെന്ററുകൾ, വെയർ ഹൗസുകൾ തുടങ്ങിയവയാണ് ഒരുക്കുന്നത്.<br><br>ടി വ്യവസായ വളർച്ച കേന്ദ്രങ്ങളിലും വ്യവസായ പാർക്കുകളിലും കെ.എസ്.ഐ.ഡി.സി-യിലെ അലോട്ട്മെന്റ് പോളിസി പ്രകാരം വ്യവസായ യൂണിറ്റുകൾക്ക് പാട്ടവ്യവസ്ഥയിൽ ഭൂമിയും SDF യിൽ സ്ഥലവും അനുവദിക്കുന്നുണ്ട്. |
| (സി) | വൺ ഡിസ്ട്രിക് വൺ പ്രോഡക്ടിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) | വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതി വഴി എറണാകുളം ജില്ലയിൽ 5 സംരംഭങ്ങൾ ഈ സാമ്പത്തിക വർഷം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ജില്ലയിലെ വൺ ഡിസ്ട്രിക് വൺ പ്രോഡക്ട് (ODOP) ആയ പൈനാപ്പിൾ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾ ഒന്നും ഈ പദ്ധതി വഴി ആരംഭിച്ചിട്ടില്ല. ഇപ്പോൾ ഒരു അപേക്ഷ ബാങ്കിൽ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ